## കാർഷിക വൈദ്യുതി കണക്ഷൻ

39 (4621) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ 35 സെന്റ് ഭൂമിയിൽ കുറവുള്ളവർക്ക് നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ചെറുകിട കൃഷിക്കാർക്ക് കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) 30 സെന്റിൽ കുറയാതെ വസ്തു കൈവശം ഉള്ളതും അതിൽ 75% ഭൂമിയിൽ കൃഷിനടത്തുന്നവർക്കും 10 സെന്റിൽ കുറയാത്ത ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നവർക്കും 5 സെന്റിൽ കുറയാത്ത ഭൂമിയിൽ വെറ്റില കൃഷി നടത്തുന്ന കൃഷിക്കാർക്കുമാണ് നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്. കാർഷിക വൈദ്യുതി കണക്ഷന് ഭൂവിസ്തൃതി 30 സെന്റിൽ താഴെയാക്കണമെന്ന ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതു സർക്കാർ പരിശോധിച്ചുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി

40 (4622) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ഉള്ള കുടുംബനാഥൻ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് വൈദ്യുതി കണക്ഷൻ മാറ്റി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിയുടെ അപേക്ഷ പരിഗണിച്ച് വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റിനൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ 91 (5), 91(6), 91(7) എന്നീ വകുപ്പുകൾ അനുസരിച്ച് കണക്ഷനുള്ള ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷകൻ വൈദ്യുതി കുടിശ്ശിക മുഴുവൻ അടച്ചുതീർത്തതിനുശേഷം 10 രൂപ അപേക്ഷാഫീസും 100 രൂപ പ്രോസസ്സിംഗ് ഫീസും അടച്ച് അനന്തരാവകാശം സ്ഥാപിക്കുന്നതിനുള്ള രേഖ കൂടുതൽ അനന്തരാവകാശികളുണ്ടെങ്കിൽ മറ്റ് അനന്തരാവകാശികളുടെ സമ്മതപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. കൂടാതെ ഉടമസ്ഥന്റെ പേരിൽ സർവ്വീസ് കണക്ഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതും കണക്ഡ് ലോഡിന് മാറ്റംവരുന്ന പക്ഷം പുതിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. സപ്ലൈ കോഡ് അനുശാസിക്കുന്ന നിയമങ്ങളനുസരിച്ചു മാത്രമേ ബോർഡിന് ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ.

## സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ

41 (4623) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ വൈദ്യുതി ഉല്പാദന സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് ;

(ബി) ഓരോ സ്ഥാപനത്തിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഒരു യൂണിറ്റിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി. ഉണ്ടാക്കിയിട്ടുള്ള കരാർപ്രകാരം കെ. എസ്. ഇ. ബി. പ്രതിമാസം എത്ര രൂപയാണ് ഓരോ സ്ഥാപനത്തിനും ഫിക്സഡ് കോസ്റ്റായി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഒഴികെ വൈദ്യുതി ഉല്പാദിപ്പിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഓരോ സ്ഥാപനവും എത്ര മെഗാവാട്ട് വൈദ്യുതി വീതമാണ് ഉല്പാദിപ്പിക്കുന്നത് ;

(ഇ) ഈ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്ന വൈദ്യുതിയും ആയതിന് ഈടാക്കുന്ന വിലയും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly